©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ശനി
Thiruvananthapuram,
Saturday

2026 മേയ് 30
30th May 2026
1201 ഇടവം 16
16th Idavam 1201
1948 ജ്യേഷ്ഠം 9
9th Jyaishta 1948

നമ്പർ
No.
1697

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം

വിജ്ഞാപനം

LR/11008/2025-LR(E2) **തീയതി : 29 മേയ് 2026**
തിരുവനന്തപുരം

ലാൻഡ് റവന്യൂ വകുപ്പിലെ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതുമായി ബന്ധപ്പെട്ട്, കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ അപ്രൂവ്ഡ് പ്രൊബേഷണർമാരായവരെ പരിഗണിച്ച് അർഹരായവരെ ഉൾപ്പെടുത്തി 2026 - ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

30/12/2025 ൽ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം ചേർന്നു. വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) മുമ്പാകെ വിവിധ ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് അതിന്മേൽ തീരുമാനമെടുക്കുകയും മുൻ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗങ്ങൾ പ്രൊവിഷണലായി സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയവരേയും സൂപ്പർസീഡ് ചെയ്തവരേയും പ്രത്യേകം പ്രത്യേകം പരിഗണിച്ച് തീരുമാനമെടുക്കുകയും ആയത് 16/01/2026 - ലെ 182 നമ്പരായുള്ള {14/01/2026-ലെ നമ്പർ എൽആർ/11008/2025-എൽആർഇ(2)} കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനം പ്രകാരം അസാധാരണ ഗസ്റ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് വിജിലൻസ് കേസിൽ നിന്ന് കുറ്റവിമുക്തരായവരും സി ആർ സമയബന്ധിതമായി സമർപ്പിക്കാത്തതിനാൽ സൂപ്പർസീഡ് ചെയ്തവരും സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ചുകൊണ്ട് 29/05/2026 ൽ ചേർന്ന വകുപ്പ്തല സ്ഥാനക്കയറ്റ സമിതി (ലോവർ) ന്റെ തീരുമാനം ചുവടെ ചേർക്കുന്നു.

(1) മുൻ വകുപ്പുതല സ്ഥാനക്കയറ്റ സമിതി(ലോവർ) യോഗങ്ങൾ അച്ചടക്ക നടപടി ഉള്ളതിനാൽ സൂപ്പർസീഡ് ചെയ്ത നടപടി പുന:പരിശോധിച്ച് തീരുമാനമെടുക്കുക എന്ന വിഷയം ചർച്ച ചെയ്തെടുത്ത തീരുമാനം ചുവടെ ചേർക്കുന്നു.

1) ശ്രീ. രാജലിംഗം എ (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 5295)

2026 ലെ വാർഷിക ഡി പി സി സമയത്ത് സി ആർ സമർപ്പിക്കാത്തതിനാലും വിജിലൻസ് കേസ് നിലവിലുള്ളതിനാലും ടിയാനെ സൂപ്പർസീഡ് ചെയ്തിട്ടുള്ളതാണ്. **നിലവിൽ 2023, 2024, 2025 എന്നീ വർഷങ്ങളിലെ സി.ആർ. സമർപ്പിച്ചിട്ടുണ്ട്.**

ടി ജീവനക്കാരനെതിരായ വിജിലൻസ് കേസിന്റെ നിലവിലെ വിവരം ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ-LR14609/2022-LRD2:-

ശ്രീ. രാജലിംഗം എ പാലക്കാട് ജില്ലയിൽ എരുത്തേംപതി വില്ലേജ് ഓഫീസർ ആയിരിക്കവേ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ 2009-2011 കാലയളവിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് 16,19,800/-(പതിനാറ് ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ് രുപ) സർക്കാരിന് നഷ്ടം വരുത്തിയതിന് ടിയാനെതിരെ രജിസ്റ്റർ ചെയ്തിരുന്ന വി.സി. 04/14/പി.കെ.ഡി നമ്പർ വിജിലൻസ് കേസ്സിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.10.2015 തിയതിയിലെ എൽ. ആർ. ഡി2-27137/2014 നമ്പർ നടപടിക്രമം പ്രകാരം പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. ടി വിജിലൻസ് കേസ് തൃശ്ശൂർ വിജിലൻസ് കോടതിയുടെ **28/02/2026 ലെ Crl. MP 192/2019** ലെ ഉത്തരവ് പ്രകാരം വിജിലൻസ് കേസിൽ ഡിസ്ചാർജ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. **എന്നാൽ ടിയാൻ 2026 ലെ വാർഷിക ഡി പി സി സമയത്ത് സി ആർ സമർപ്പിക്കാത്തതിനാൽ ടിയാന് മുൻകാലപ്രാബല്യത്തോടെയുള്ള സീനിയോറി പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപെടുത്തുന്നതിനായിട്ടുള്ള യോഗ്യതയുള്ളതായി കാണുന്നില്ല.** ആയതിനാൽ പ്രസ്തുത ജീവനക്കാരന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നിലവിലെ യോഗ്യതയും കഴിവും (Merit and Ability) പരിഗണിച്ചുകൊണ്ട് **2026 ലെ സെലക്ട് ലിസ്റ്റിൽ അവസാനം സ്ഥാനക്കയറ്റം ലഭിച്ച ക്രമനമ്പർ 73 ആയ ജീവനക്കാരന്റെ തൊട്ടുതാഴെയായി ക്രമനമ്പർ 73(എ) എന്ന സ്ഥാനം** നൽകുന്നതിന് യോഗം തീരുമാനിച്ചു.

2026ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	**ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് റാങ്ക് നമ്പർ**	**ഡെപ്യൂട്ടി തഹസിൽദാർ/ജെ എസ് തീയതി**	**ഡിആർ ബി**	**ജീവനക്കാരന്റെ പേര്**	**ജനന ത്തീയതി**	**റിമാർ ക്സ്**
73(എ)	**5295**	**06/01/2014**	**PKD**	**രാജലിംഗം എ**	**20/04/1976**	

2) ശ്രീ. ശശി പി എസ് (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 5957)

2026 ലെ വാർഷിക ഡി പി സി സമയത്ത് സി ആർ സമർപ്പിച്ചിട്ടുള്ളതും വിജിലൻസ് കേസ് നിലവിലുള്ളതിനാൽ ടിയാനെ സൂപ്പർസീഡ് ചെയ്തിട്ടുള്ളതാണ്. **നിലവിൽ 2023, 2024, 2025 എന്നീ വർഷങ്ങളിലെ സി.ആർ. സമർപ്പിച്ചിട്ടുണ്ട്.**

ഫയൽ നമ്പർ- LR/8227/2021-LR(D2)

സർക്കാർ പണം ദുർവിനിയോഗം ചെയ്തുവെന്ന ആരോപണം സംബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ കിള്ളന്നൂർ വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസർ ശ്രീ പി.എസ്.ശശി, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ശ്രീ മനോജ് കുമാർ കെ. എന്നിവർക്കെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷന് ബ്യൂറോ തൃശ്ശൂർ യൂണിറ്റ് 18.11.2021 തീയതിയിൽ വി.സി.11/2021/ടി.എസ്.ആർ . നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത, സർക്കാർ ഖജനാവിലേയ്ക്ക് അടയ്ക്കേണ്ട തുക ശ്രീ മനോജ് കുമാർ കെ എന്നവർ സർക്കാരിലേയ്ക്ക് അടവു വരുത്തിയിട്ടുള്ളതിനാലും, ഇതേ വിഷയത്തിൽ ടി ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിൽ ആച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതും, ആയതിൽ ശ്രീ മനോജ് കുമാർ എന്നവരുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ രണ്ട് വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞും, വില്ലേജ് ഓഫീസർ ശ്രീ ശശി പി. എസ്. എന്നവർക്ക് കർശന താക്കീത് നൽകിയും 06.05.2017 തിയതിയിലെ സ.ഉ(സാധാ) നം. 2119/2017/റവ ഉത്തരവ് പ്രകാരം അച്ചടക്ക നടപടി അവസാനിപ്പിച്ചിട്ടുള്ളതുമാണ്. സർക്കാർ പണം ദുർവിനിയോഗം ചെയ്തുവെന്ന ആരോപണം സംബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ കിള്ളന്നൂർ വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസർ ശ്രീ. ശശി പി.എസ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ശ്രീ മനോജ് കുമാർ കെ, എന്നിവരെ പ്രതിചേർത്തു വി.സി.11/2021/ടി.എസ്.ആർ. നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായിരുന്നു. എന്നാൽ **VACB** പോലീസ് സൂപ്രണ്ടിൻെറ **04.05.2026** ലെ **VC11/2021/TSR** നമ്പർ കത്ത് പ്രകാരം ശ്രീ മനോജ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുമാറിനു മാത്രമായാണ് വിചാരണാനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ ടി കത്തിൽ **22/09/2016** തിയ്യതി, ഈ കേസിലെ ഒന്നാം പ്രതിയായ കിള്ളന്നൂർ വില്ലേജ് ഓഫീസർ ശ്രീ. ശശി യെ പ്രതിസ്ഥാനത്തു നിന്നും കുറവ് ചെയ്യുന്നതിനും, **F.I.R** കുറ്റവകുപ്പിൽ നിന്നും സെക്ഷൻ **34 IPC** കുറവ് ചെയ്യുന്നതിനും, CW-36 ബഹുമാനപ്പെട്ട വടക്കാഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ടിയാൻ 2026 ലെ വാർഷിക ഡി പി സി സമയത് സി ആർ സമർപ്പിച്ചിട്ടുള്ളതും നിലവിൽ ടിയാന് എതിരെ അച്ചടക്കനടപടി/വിജിലൻസ് കേസ് എന്നിവ നിലവിലില്ലാത്തതിനാൽ ടിയാന് മുൻകാലപ്രാബല്യത്തോടെയുള്ള സീനിയോറിറ്റി പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപെടുത്തുന്നതിനുള്ള യോഗ്യതയുള്ളതായി കാണുന്നു. ആയതിനാൽ പ്രസ്തുത ജീവനക്കാരന് തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നിലവിലെ യോഗ്യതയും കഴിവും (Merit and Ability) പരിഗണിച്ചുകൊണ്ട് **2025 ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 15(എ) എന്ന സ്ഥാനം നൽകുന്നതിന്** യോഗം തീരുമാനിച്ചു.

<u>2025ലെ സെലക്ട് ലിസ്റ്റ്</u>

ക്രമ നമ്പർ	ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് റാങ്ക് നമ്പർ	ഡെപ്യൂട്ടി തഹസിൽദാർ/ജെ എസ് തീയതി	ഡിആർ ബി	ജീവനക്കാരന്റെ പേര്	ജനന ത്തീയതി	റിമാർക്സ്
15(എ)	5957	01/08/2017	TSR	ശശി പി എസ്	29/04/1971	

3) ശ്രീമതി ബിന്ദു എൽ എസ് (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 6144)

2026 ലെ വാർഷിക ഡി പി സി സമയത്ത് സി ആർ സമർപ്പിച്ചിരുന്നതും എന്നാൽ വിജിലൻസ് കേസ് നിലവിലുണ്ട് എന്ന കാരണത്താൽ സൂപ്പർസീഡ് ചെയ്തിട്ടുള്ളതുമാണ്. **നിലവിൽ 2023, 2024, 2025 എന്നീ വർഷങ്ങളിലെ സി.ആർ. സമർപ്പിച്ചിട്ടുണ്ട്.**

ഫയൽ നമ്പർ- LR/14609/2022-LR(D2)

ശ്രീമതി. ബിന്ദു എൽ എസ് ന്റെ പേരിലുള്ള അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട D2/27134/14 എന്ന മാന്വൽ ഫയലും LR/14609/22-LR (D2) എന്ന ഫയലും പരിശോധിച്ചതിൽ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടാരോപിച്ച് മറ്റ് 7 ഉദ്യോഗസ്ഥരോടൊപ്പം, വടവന്നൂർ വില്ലേജ് ഓഫീസറായിരുന്ന ശ്രീമതി എൽ എസ് ബിന്ദുവിനെതിരെ വിജിലൻസ് & ആൻ്റി കറപ്ഷൻ ബ്യൂറോ VC 04/14/PKD എന്ന നമ്പറായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ഇക്കാര്യം ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ഇവർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതായി സർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും തന്നെ ലഭിച്ചിട്ടില്ലാത്തതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തുടർന്ന് കുറ്റാരോപിതരായ ശ്രീമതി. ബിന്ദു ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ 17/10/2025 ന് വിചാരണാനുമതി നൽകിയെങ്കിലും, ടി ഉദ്യോഗസ്ഥർ തങ്ങളെ ഈ കേസിൽ നിന്നും ഡിസ്ചാർജ് ചെയ്യുന്നതിനു വേണ്ടി ബഹു. തൃശൂർ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത Crl. MP 187/2019 എന്ന കേസിൽ ഇവരെ ഡിസ്ചാർജ് ചെയ്തുകൊണ്ട് 28/02/2026 നു ബഹു. കോടതി ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ടി വിജിലൻസ് കേസിൽ നിന്നും ടിയാൾ ഡിസ്ചാർജ് ചെയ്യപ്പെട്ടിട്ടുള്ളതാണ്.

ശ്രീമതി ബിന്ദു എൽ എസ് 2026 ലെ വാർഷിക ഡി പി സി സമയത് സി ആർ സമർപ്പിച്ചിട്ടുള്ളതും നിലവിൽ ടി ജീവനക്കാരിക്കെതിരെ അച്ചടക്കനടപടി/വിജിലൻസ് കേസ് എന്നിവ നിലവിലില്ലാത്തതിനാൽ ടിയാന് മുൻകാലപ്രാബല്യത്തോടെയുള്ള സീനിയോറി പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപെടുത്തുന്നതിനുള്ള യോഗ്യതയുള്ളതായി കാണുന്നു. ആയതിനാൽ പ്രസ്തുത ജീവനക്കാരിക്ക് തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നിലവിലെ യോഗ്യതയും കഴിവും (Merit and Ability) പരിഗണിച്ചുകൊണ്ട് **2025 ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 72(എ) എന്ന സ്ഥാനം നൽകുന്നതിന്** യോഗം തീരുമാനിച്ചു.

2025ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	**ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് റാങ്ക് നമ്പർ**	**ഡെപ്യൂട്ടി തഹസിൽദാർ/ജെ എസ് തീയതി**	**ഡിആർ ബി**	**ജീവനക്കാരിയുടെ പേര്**	**ജനന ത്തീയതി**	**റിമാർക്സ്**
72(എ)	**6144**	**21/06/2018**	**TVM**	**ബിന്ദു എൽ എസ്**	**05/05/1970**	

(2) മുൻ വകുപ്പുതല സ്ഥാനക്കയറ്റ സമിതി(ലോവർ) യോഗസമയത് സി ആർ സമർപ്പിക്കാത്തതിനാൽ ഒഴിവാക്കിയ കേസുകൾ പരിശോധിച്ച് തീരുമാനമെടുക്കുക എന്ന വിഷയം യോഗം ചർച്ച ചെയ്തെടുത്ത തീരുമാനം ചുവടെ ചേർക്കുന്നു.

1.) ശ്രീ. സുഭാഷ് എസ് (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 6323)

2026 ലെ വാർഷിക ഡി പി സി സമയത്ത് സി ആർ സമർപ്പിക്കാത്തതിനാലും വിജിലൻസ് കേസ് നിലവിലുള്ളതിനാലും ടിയാനെ സൂപ്പർസീഡ് ചെയ്തിട്ടുള്ളതാണ്. **നിലവിൽ 2022, 2023, 2024 എന്നീ വർഷങ്ങളിലെ സി.ആർ. പൂർണമായും 2025ൽ ടിയാൻ സസ്പെൻഷനിൽ ആകുന്നതിന് തൊട്ടുമുൻപ് വരെയുള്ള കാലയളവിലെ സി ആർ സമർപ്പിച്ചിട്ടുണ്ട്.**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫയൽ നമ്പർ- LR 7205/25-LR(D4)

ഭൂമിപതിവുമായി ബന്ധപ്പെട്ട് ഭൂമിയുടെ വിലനിർണ്ണയം നടത്തുന്നതിന് കൈക്കൂലി ആവശ്യപ്പെട്ടു എന്നാരോപിച്ചുകൊണ്ട് ബഹു. റവന്യു മന്ത്രിക്ക് ഒരു പരാതി ലഭിക്കുകയും ഇക്കാര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC.2/2025/ALP നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തതിനെത്തുടർന്ന് കുട്ടനാട് തഹസിൽദാറായിരുന്ന ശ്രീ. സുധി പി. ഡി, ആലപ്പുഴ കലക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. സുബാഷ് എസ്. എന്നിവരെ സസ്പെൻഡ് ചെയ്തുകൊണ്ട് 25/06/2025 ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് ഈ ജീവനക്കാർക്കെതിരെ സർക്കാർ അച്ചടക്ക നടപടി ആരംഭിക്കുകയും, ഔപചാരികാന്വേഷണത്തിന് ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്തു.

എന്നാൽ തങ്ങൾക്കെതിരെയുള്ള വിജിലൻസ് കേസിനെതിരെ ഈ ഉദ്യോഗസ്ഥർ **ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത CRL. MC No. 7557/2025 എന്ന ഹർജിയിൽ, ഈ ജീവനക്കാർക്കെതിരെയുള്ള കേസ് കെട്ടിച്ചമച്ചതാണെന്നു കണ്ടെത്തി ബഹു. കേരള ഹൈക്കോടതി, വിജിലൻസ് കേസിലെ FIR ഉം, പ്രസ്തുത FIR ന്റെ അടിസ്ഥാനത്തിലുള്ള എല്ലാ നടപടികളും 23/01/2026 ലെ ഉത്തരവിലൂടെ quash ചെയ്തിട്ടുള്ളതാണ്.**

ഇക്കാര്യത്തിൽ വിജിലൻസിന്റെ **FIR ഉം** അതേത്തുടർന്നുള്ള എല്ലാ നടപടികളും ബഹു. ഹൈക്കോടതി quash ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ കേസിലെ രണ്ടാമത്തെ കക്ഷിയും ജൂനിയർ സൂപ്രണ്ടുമായ ശ്രീ സുബാഷ് എസ് നെ തഹസിൽദാർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന വിഷയം യോഗം ചർച്ചചെയ്തു.

ശ്രീ സുബാഷ് എസ് **2026 ലെ വാർഷിക ഡി പി സി സമയത് സി ആർ സമർപ്പിക്കാത്തതിനാൽ ടിയാന് മുൻകാലപ്രാബല്യത്തോടെയുള്ള സീനിയോറിറ്റി പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപെടുത്തുന്നതിനായിട്ടുള്ള യോഗ്യതയുള്ളതായി കാണുന്നില്ല.** ആയതിനാൽ പ്രസ്തുത ജീവനക്കാരന് തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നിലവിലെ യോഗ്യതയും കഴിവും (Merit and Ability) പരിഗണിച്ചുകൊണ്ട് **2026 ലെ സെലക്ട് ലിസ്റ്റിൽ അവസാനം സ്ഥാനക്കയറ്റം ലഭിച്ച ക്രമനമ്പർ 73 ആയ ജീവനക്കാരന്റെ താഴെയായി ക്രമനമ്പർ 73(ബി) എന്ന സ്ഥാനം** നൽകുന്നതിന് യോഗം തീരുമാനിച്ചു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2026ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് റാങ്ക് നമ്പർ	ഡെപ്യൂട്ടി തഹസിൽദാർ/ജെഎസ് തീയതി	ഡിആർ ബി	ജീവനക്കാരന്റെ പേര്	ജനന ത്തീയതി	റിമാർക്സ്
73(ബി)	6323	01/05/2019	ALP	സുബാഷ് എസ്	30/05/1974	

2.) ശ്രീ. സ്റ്റാൻലി ജോൺ (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 6344)

ഡി.റ്റി/ജെ.എസ് തസ്തികയിലെ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള നിർബന്ധിത വകുപ്പുതല പരീക്ഷ സമയബന്ധിതമായി പൂർത്തിയാകാത്തതിനാൽ ടി തസ്തികയിലെ നിരീക്ഷണകാലം നീണ്ടുപോയിട്ടുള്ളതും, ആയതിനാൽ നീണ്ടുപോയ നിരീക്ഷണകാലം സർക്കാർ അനുമതിയോടുകൂടി ദീർഘിപ്പിച്ചുകൊണ്ട് 03/02/2026 ൽ മാത്രമാണ് മുൻകാല പ്രാബല്യത്തോടെ ഡി.റ്റി/ജെ എസ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ടിയാന് 2026 ലെക്കുള്ള വാർഷിക ഡി പി സി യ്ക്ക് സി ആർ സമർപ്പിക്കുന്നതിനുള്ള യോഗ്യത ഇല്ലാത്തതിനാൽ സി ആർ സമർപ്പിച്ചിട്ടില്ലാത്തതാണ്. നിലവിൽ ടിയാന്റെ ഡി.റ്റി/ജെ.എസ് തസ്തികയിലെ നിരീക്ഷണകാലം 03/02/2026 ൽ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 2023, 2024, 2025 എന്നീ വർഷങ്ങളിലെ സി.ആർ. സമർപ്പിച്ചിട്ടുണ്ട്. ടി ജീവനക്കാരനെതിരെ അച്ചടക്കനടപടി/വിജിലൻസ് കേസ് എന്നിവ നിലവിലില്ലാത്തതിനാൽ ടിയാന്റെ നിലവിലെ യോഗ്യതയും കഴിവും (Merit and Ability) പരിഗണിച്ചുകൊണ്ട് തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള **2026 ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 73(സി) എന്ന സ്ഥാനം നൽകുന്നതിന്** യോഗം തീരുമാനിച്ചു.

2026ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	ഡെപ്യൂട്ടി തഹസിൽദാർ/ജെ എസ് റാങ്ക് നമ്പർ	ഡെപ്യൂട്ടി തഹസിൽദാർ/ജെ എസ് തീയതി	ഡിആർ ബി	ജീവനക്കാരന്റെ പേര്	ജനന ത്തീയതി	റിമാർക്സ്
73(സി)	6344	01/06/2019	ALP	സ്റ്റാൻലി ജോൺ	09/03/1978	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3.) ശ്രീ. രാധാകൃഷ്ണൻ എസ്. (ഡി.റ്റി./ജെ.എസ്. റാങ്ക് നം. 6600)

2026 ലെ വാർഷിക ഡി പി സി സമയത്ത് സി ആർ സമർപ്പിച്ചിട്ടില്ലാത്തതാണ്. നിലവിൽ 2023, 2024, 2025 എന്നീ വർഷങ്ങളിലെ സി.ആർ. സമർപ്പിച്ചിട്ടുണ്ട്. ടി ജീവനക്കാരനെതിരെ അച്ചടക്കനടപടി/വിജിലൻസ് കേസ് എന്നിവ നിലവിലില്ലാത്തതിനാൽ ടിയാന്റെ നിലവിലെ യോഗ്യതയും കഴിവും (Merit and Ability) പരിഗണിച്ചുകൊണ്ട് തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള **2026 ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 132(എ) എന്ന സ്ഥാനം നൽകുന്നതിന്** യോഗം തീരുമാനിച്ചു.

2026ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	**ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് റാങ്ക് നമ്പർ**	**ഡെപ്യൂട്ടി തഹസിൽദാർ/ജെ എസ് തീയതി**	**ഡിആർ ബി**	**ജീവനക്കാരന്റെ പേര്**	**ജനന ത്തീയതി**	**റിമാർ ക്സ്**
132(എ)	**6600**	**15/06/2020**	**MLP**	**രാധാകൃഷ്ണൻ എസ്**	**11/08/1971**	

മേൽ പരാമർശിച്ചിട്ടുള്ള 6 ജീവനക്കാരുടെയും സെലക്ട് ലിസ്റ്റിലെ സ്ഥാനം ചുവടെപറയും പ്രകാരം അനുബന്ധം ആയി ഉൾപ്പെടുത്തി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

അനുബന്ധം

2025 ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	**ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് റാങ്ക് നമ്പർ**	**ഡെപ്യൂട്ടി തഹസിൽദാർ/ജെ എസ് തീയതി**	**ഡിആർ ബി**	**ജീവനക്കാരന്റെ പേര്**	**ജനന ത്തീയതി**	**റിമാർ ക്സ്**
15(എ)	5957	01/08/2017	TSR	ശശി പി എസ്	29/04/1971	
72(എ)	6144	21/06/2018	TVM	ബിന്ദു എൽ എസ്	05/05/1970	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2026 ലെ സെലക്ട് ലിസ്റ്റ്						
ക്രമ നമ്പർ	**ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് റാങ്ക് നമ്പർ**	**ഡെപ്യൂട്ടി തഹസിൽദാർ/ജെ എസ് തീയതി**	**ഡിആർ ബി**	**ജീവനക്കാരന്റെ പേര്**	**ജനന ത്തീയതി**	**റിമാർ ക്സ്**
73(എ)	5295	06/01/2014	PKD	രാജലിംഗം എ	20/04/1976	
73(ബി)	6323	01/05/2019	ALP	സുബാഷ് എസ്	30/05/1974	
73(സി)	6344	01/06/2019	ALP	സ്റ്റാൻലി ജോൺ	09/03/1978	
132(എ)	6600	15/06/2020	MLP	രാധാകൃഷ്ണൻ എസ്	11/08/1971	

ജീവൻ ബാബു കെ, ഐ.എ.എസ്.
കൺവീനർ,
വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) &
കമ്മീഷണർ, ലാൻഡ് റവന്യൂ വകുപ്പ്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.30 02:40:29 +05:30